**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1146** **30-06-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ സാംസ്കാരിക സമുച്ചയം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി . ഉബൈദുള്ള** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | നവോത്ഥാന നായകരുടെ നാമധേയത്തിൽ ഓരോ ജില്ലയിലും സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയം പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) | വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | മലപ്പുറം ജില്ലയിൽ അബ്ദുറഹിമാൻ സാഹിബിന്റെ പേരിൽ എവിടെയാണ് കേന്ദ്രം സ്ഥാപിക്കുന്നത്; ഏറനാട് താലൂക്ക് പരിധിയിലെ മലപ്പുറം കോട്ടക്കുന്നിൽ പ്രസ്തുത കേന്ദ്രം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | മലപ്പുറം ജില്ലയിൽ മുഹമ്മദ് അബ്ദു റഹിമാൻ സാഹിബ്ബിന്റെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ മലപ്പുറം വില്ലേജിലെ സർവ്വേ നമ്പർ 631/1,2,3-ൽ ഉൾപ്പെട്ട 1.8245 ഹെക്ടർ (182.45 ആർ) ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി കൈവശാവകാശം സാംസ്കാരിക വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. അര ഏക്കർ ഭൂമി കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പെരിന്തൽമണ്ണ ആർ.ഡി.ഒ ഓഫീസിൽ സ്വീകരിച്ചു വരികയാണ്. |
| (സി) | കിഫ്ബി സഹായത്തോടെ ഈ കേന്ദ്രം സ്ഥാപിക്കുന്നതിന് ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്നും അധിക തുക അനുവദിക്കുമോയെന്നും വെളിപ്പെടുത്തുമോ? | (സി) | പദ്ധതിയുടെ എസ്റ്റിമേറ്റ് തുകയായ 39.67 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. ഇതിനോടകം പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനായി 24,65,950 രൂപ ചിലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ